## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2799** **06-02-2018-ൽ മറുപടിക്ക്**

## ആർട്ടിസാൻസ് ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എം. ആരിഫ്** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) ആർട്ടിസാൻസ് ക്ഷേമനിധിയിൽ അംഗങ്ങളായ പീലിംഗ് തൊഴിലാളികളായിരുന്നവർ അടച്ച വിഹിതത്തിന് അനുസൃതമായി ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) ഇപ്രകാരം എത്ര പീലിംഗ് തൊഴിലാളികളാണ് അംഗങ്ങളായി ചേർന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) കേരള കൈതൊഴിലാളി വിദഗ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ 373 പീലിംഗ് തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |
| (സി) പെൻഷനും അടച്ച തുകയും ക്ഷേമനിധി വിഹിതവും ചേർത്തുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ ആർക്കും ലഭിച്ചിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) ആയത് ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) പുതുതായി രൂപീകരിച്ച 2015 ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മുമ്പ് നിലവിലുണ്ടായിരുന്ന കേരള കൈതൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധിപദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ക്ഷേത്രജീവനക്കാരുടെ ക്ഷേമനിധി പദ്ധതി എന്നിവയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 11.02.2016 മുതൽ പ്രാബല്യത്തിൽ നിലവിൽ വന്നതോടെ മേൽപ്പറഞ്ഞ 6 ക്ഷേമപദ്ധതികൾ റദ്ദായിട്ടുണ്ട്. റദ്ദായി പോയിട്ടുള്ള ക്ഷേമപദ്ധതികളിൽ അംഗങ്ങളായിരുന്ന തൊഴിലാളികൾ പ്രസ്തുത തീയതിക്കുശേഷം വിവിധ ആനുകൂല്യങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള |

അപേക്ഷകൾ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം തീർപ്പാക്കി വരുകയാണ്. മുമ്പ് നിലവിലുണ്ടായിരുന്ന പദ്ധതികളിൽ നിന്നും ലഭ്യമായിരുന്ന ആനുകൂല്യങ്ങളേക്കാൾ മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതി പ്രകാരം അംഗങ്ങൾക്ക് നൽകുന്നത്.

സെക്ഷൻ ഓഫീസർ